
# സെന്റ് ജോൺസ് ഹൈസ്കൂൾ
## നെല്ലിപ്പൊയിൽ

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



# മഷിത്തണ്ട്

Digital Magazine

2018-19

# മുഖമൊഴി...

അറിവ് നേടുകയെന്നത് ഒരു വിദ്യാർത്ഥിയുടെ പരമമായ ലക്ഷ്യമാണ്. അതിനുള്ള മാർഗങ്ങൾ ഈ കാലഘട്ടത്തിൽ ഏറെ വ്യത്യസ്തത പുലർത്തുന്നു. വാക്ക്, പറയുന്നതായാലും എഴുതുന്നതായാലും, ജീവൻ കൊടുക്കാനും എടുക്കാനും കഴിവുള്ളത്ര ശക്തമാണ്. വായിക്കുന്നവരുടെ മനസ്സിനെ ഏതെങ്കിലും തരത്തിൽ പ്രകാശിപ്പിക്കാൻ കഴിയുന്നവയായിരിക്കണം ഏതൊരു എഴുത്തും. കുട്ടികളെ സംബന്ധിച്ചിടത്തോളം തെറ്റുകളിലേക്ക് വഴുതി വീഴാനുള്ള സാധ്യതകൾ ഏറെയാണ്. നല്ലതും ചീത്തയും വിവേചിച്ചറിയാനുള്ള കഴിവുനേടുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇന്റർനെറ്റിൻെറ ഉപയോഗം ശരിയായ വിധത്തിലല്ല, എങ്കിൽ കുട്ടികൾക്ക് അത് ഏറെ ദോഷം ചെയ്യും. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം ലഭിക്കുകവഴി കുട്ടികളുടെ വികലമായ ചിന്തകളും പ്രവൃത്തികളും നേർവഴിക്കെത്തിക്കാൻ സാധിക്കും. പൊതുവിദ്യാഭ്യാസത്തിൽ ഇന്ന് 'ഹൈടെക്ക്' വിദ്യാഭ്യാസരീതിയാണ് പിൻതുടരുന്നത്. ഓരോ സ്കൂളിലും പ്രവർത്തിക്കുന്ന' Little KITEs' യൂണിറ്റുകൾ വഴി കുട്ടികൾക്ക് രസകരമായ രീതിയിൽ പഠിക്കുവാനും കൂട്ടുകാരെ പഠനത്തിൽ സഹായിക്കുവാനും കഴിയുന്നു. ക്ലാസുകളിൽ അധ്യാപകർക്ക് കൈത്താങ്ങായി,ഒഴിവുസമയങ്ങളിൽ കൂട്ടുകാർക്ക് പ്രോത്സാഹനമായി, നന്മ ലക്ഷ്യമാക്കിയുള്ളതായിരിക്കട്ടെ നമ്മുടെ വിദ്യാഭ്യാസം.

സ്നേഹപൂർവ്വം

എഡിറ്റർ




| | | |
|---|---|---|
| Editor : | Ayona Jaison | 9C |
| Editorial Board : | Ayana Sony | 9C |
| | Anju Binu | 9C |
| | Asna V A | 9C |
| | Karthik Krishnan | 9C |
| | Alvin Abraham | 9C |
| | Muhammed Shamil | 9B |
| | Reeja Varghese | LK Mistress |
| | Jaimole Thomas | LK Mistress |
| Technical Support : | Vincent D K | SITC |

# ആശംസ

വിവര സാങ്കേതികവിദ്യ ഇന്ന് ലോകത്തെ അതിവേഗത്തിൽ മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. അറിവ് വിരൽത്തുമ്പിൽ നിൽക്കുന്ന അനുഭവമാണ് ഇത് സൃഷ്ടിച്ചിരിക്കുന്നത്. എല്ലാവർക്കും അറിവിന്റെ വിശാലലോകം സ്വന്തമാക്കുവാൻ സാങ്കേതിക പുരോഗതി ഉപയുക്തമാണ്. അങ്ങനെ ഒരു നാടിന് സാംസ്കാരികമായ മുന്നേറ്റം കരഗതമാകുന്നു.

നല്ല ഗ്രന്ഥങ്ങൾ നമ്മെ ഉത്തമവും വിശ്വസ്തവും സത്യസന്ധവുമായ മാർഗത്തിലേക്ക് നയിക്കുന്നു, പക്വതയുള്ള മനസ്സിന്റെ ഉടമകളാക്കി മാറ്റുന്നു. നെല്ലിപ്പൊയിൽ സെന്റ് ജോൺസ് ഹൈസ്കൂളിലെ മിടുക്കരായ വിദ്യാർഥികൾ ചിട്ടപ്പെടുത്തി പ്രകാശനം ചെയ്യുന്ന മഷിത്തണ്ട് എന്ന ഡിജിറ്റൽ മാഗസിൻ അറിവിന്റെ ലോകത്തേക്കുള്ള നവീനമായൊരു ചുവടുവെപ്പാണ്.

ഇതിന്റെ പ്രസിദ്ധീകരണത്തിനായി പ്രയത്നിച്ച എഡിറ്റോറിയൽ ബോർഡിനെയും കടലാസിന്റെ സഹായമില്ലാതെ തയ്യാറാക്കാൻ മുന്നിട്ടിറങ്ങിയ ലിറ്റിൽ കൈറ്റ്സ് പ്രതിഭകളെയും സഹായിച്ച അധ്യാപകരെയും അഭിനന്ദിക്കുന്നു. കുട്ടികളുടെ മികവുകളും നൈപുണികളും തിരിച്ചറിയാനുള്ള ഉപാധിയായി പ്രയോജനപ്പെടാൻ മഷിത്തണ്ടിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

സജി തോമസ് പി.
ഹെഡ്മാസ്റ്റർ



# മഷി പടരുമ്പോൾ...


| | | | | | |
|---|---|---|---|---|---|
| 1 | പ്രകൃതി | .......... | ജിജോ ജോസ് | .......... | 6 |
| 2 | മാതൃസ്നേഹം | .......... | ലിയ ഷാജി | .......... | 8 |
| 3 | ഒരു നോക്കു കാണാൻ | .......... | അശ്വിനി ഗോപാൽ | .......... | 13 |
| 4 | ചിത്രകലയും കുട്ടികളും | .......... | ഷിജി കെ ജെ | .......... | 14 |
| 5 | Smile | .......... | സൂര്യഗായത്രി കെ എം | .......... | 20 |
| 6 | കമ്പ്യൂട്ടർ - ഗുണവും ദോഷവും | .......... | നവോമി എം. റോസ് | .......... | 21 |
| 7 | മഴതൻ ദുഃഖം | .......... | ഐശ്വര്യ വിജയൻ | .......... | 25 |
| 8 | വേർപാട് | .......... | സോണിയ ബിജു | .......... | 27 |
| 9 | ആഹാരം തന്നെ ഔഷധം | .......... | സോജി ജോസ് | .......... | 34 |
| 10 | വിട | .......... | അപർണ ജോൺ | .......... | 40 |
| 11 | വിശ്വാസം | .......... | അലീന ജോസഫ് | .......... | 42 |
| 12 | അമ്മ മനസ്സ് | .......... | നോയൽ തോമസ് | .......... | 44 |
| 13 | സ്വർഗ്ഗത്തിലേക്കൊരു മാലാഖ | .......... | അനിഷ പി. മോനിച്ചൻ | .......... | 46 |
| 14 | എന്റെ മലയാളം | .......... | ജോബി ജോസഫ് | .......... | 51 |




## കവിത



# പ്രകൃതി

ഇതാണെൻ്റെ പ്രകൃതി
സുന്ദരവും സുലിലവും
ആയ പ്രകൃതി
എൻ്റെ ഈ പ്രകൃതി...

ഞാൻ ജീവിക്കുന്ന പ്രകൃതി
എനിക്കായി കാത്തിരിക്കുന്ന പ്രകൃതി
മനുഷ്യർ നശിപ്പിക്കുന്ന പ്രകൃതി.

ഇതാണ് എൻെറ പ്രകൃതി....
മനുഷ്യരെ നിങ്ങൾ
എന്തു ചെയ്യുന്നു ഈ പ്രകൃതിയെ?

നിങ്ങൾ ജീവിക്കുന്ന
ഈ പ്രകൃതി
നിങ്ങൾ നശിപ്പിക്കരുതെ
ശ്രമിച്ചാൽ മരിക്കേണ്ടിവരും....

ഈ പ്രകൃതിയിൽ....
നശിപ്പിക്കരുതെ ഈ പ്രകൃതിയെ
കളയരുതെ ഈ പ്രകൃതിയെ

നമ്മൾ ജീവിക്കുന്ന ....
ഈ പ്രകൃതിയെ നമ്മൾ
അമ്മയായി കാണേണം....

------

ജിജോ ജോസ്
9 B

## കഥ

# മാതൃസ്നേഹം



പ്രായമായ ആ അമ്മച്ചിക്ക് ഒരേ ഒരു മകനെ ഉണ്ടായിരുന്നുള്ളു. ആ മകൻെറ പേര് ബിനു എന്നായിരുന്നു. അവൻ കുടുംബമൊത്ത് അമേരിക്കയിൽ ആയിരുന്നു. അവൻ അമ്മയെ നോക്കാൻ ഒരു സ്ത്രീയെ ചുമതലപ്പെടുത്തി. ആ സ്ത്രീയുടെ പേര് ഷീജ എന്നായിരുന്നു.

ഒരു ദിവസം അമ്മച്ചി ബിനുവിനെ കാണണമെന്ന് പറഞ്ഞ് വാശിപിടിച്ചു.അപ്പോൾ ഷീജ ബിനുവിനെ

ഫോണിൽ വിളിച്ചു പറഞ്ഞു "അമ്മച്ചി സാറിനെ കാണണമെന്ന് വാശിപിടിക്കുന്നു." അപ്പോൾ ബിനു



പറഞ്ഞു: എനിക്ക് ഇവിടെ വലിയ തിരക്കാണെന്ന് നിനക്ക് അറിഞ്ഞുകൂടേ ....പിന്നെ നീ എന്തിനാണ് എന്നെ വിളിച്ച് ശല്യപ്പെടുത്തുന്നത്. എന്റെ അമ്മച്ചിയുടെ കാര്യങ്ങൾ നോക്കാനല്ലേ നിന്നെ അവിടെ ശമ്പളം തന്ന് നിർത്തിയിരിക്കുന്നത് എന്ന് പറഞ്ഞ് ബിനു ഫോൺ കട്ട് ചെയ്തു.

അവൾ ബിനു പറഞ്ഞതെല്ലാം അമ്മയോട് പറഞ്ഞു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അമ്മച്ചി താമസിക്കുന്ന നാട്ടിലെ വാർഡ് മെമ്പർ ബിനുവിനോട് ഫോണിൽ ചോദിച്ചു .



“നിങ്ങൾ അമ്മയുടെ അടക്കിന് എന്താ വരാതിരുന്നത്.”അപ്പോൾ ബിനു കരഞ്ഞ് പറഞ്ഞു: എനിക്ക് നല്ല ജോലി തിരക്ക് ഉണ്ടായിരുന്നു. അപ്പോൾ വാർഡ് മെമ്പർ ചോദിച്ചു. എല്ലാ സ്വത്തുക്കളും അമ്മയുടെ പേരിലായിരുന്നോ. അപ്പോൾ ബിനു പറഞ്ഞു എല്ലാ സ്വത്തുക്കളും അമ്മയുടെ പേരിലാണ്.വാർഡ് മെമ്പർ പറഞ്ഞു തന്റെ അമ്മ മരിക്കുന്നതിനുമുൻപ് ഷീജക്ക് എല്ലാ സ്വത്തുക്കളും കൊടുത്തിരിക്കുന്നു. അതു കേട്ട

ബിനു ഫോൺ കട്ട് ചെയ്ത് അന്നുതന്നെ വിമാനത്തിനു പോകാനുള്ള ടിക്കറ്റ് എടുത്തു. അവൻ അമേരിക്കയിൽനിന്ന് നാട്ടിലെ വീട്ടിൽ എത്തി. അവൻ വീട്ടിൽ കയറി ചെന്നപ്പോൾ ഷീജയെയാണ് കണ്ടത്. അവൻ ഷീജയോട് കുറേ ദേഷ്യപ്പെട്ടു. അവിടെ അവരുടെ വികാരിയച്ചൻ ഉണ്ടായിരുന്നു.

വീട്ടിലെ റൂമിൽ നിന്ന് അമ്മ ഇറങ്ങിവരുന്നതുകണ്ട് ബിനു അതിശയിച്ചു പോയി. അമ്മ പറഞ്ഞു : "അമ്മ മരിച്ചുവെന്ന് അറിഞ്ഞ് വരാത്ത നീ എങ്ങനെയാണ് എന്റെ സ്വത്തുക്കൾ വിറ്റു എന്ന് അറിഞ്ഞ് വന്നത്". സ്വന്തം അമ്മയോടുള്ള സ്നേഹം എത്രയുണ്ടെന്നറിയാൻ ഞാൻ നിന്നെ പരീക്ഷിച്ചതാണ്. ഞാൻ



ഒരു കാര്യം തീരുമാനിച്ചു. എന്റെ സ്വത്തുക്കൾ ഷീജയ്ക്ക് കൊടുക്കുകയാണ്. എനിക്ക് ഇങ്ങനെയൊരു മകനില്ല. ഈ വീട്ടിൽ നിന്ന് ഇറങ്ങി പോകാം നിനക്ക്. ബിനു കാറിൽ കയറാൻ തുടങ്ങിയപ്പോൾ സാറേ എന്ന് വിളിച്ച് ഷീജ ഓടിവരുന്നുണ്ടായിരുന്നു. അവൾ പറഞ്ഞു "എനിക്ക് ഈ സ്വത്തുക്കൾ വേണ്ട. നിങ്ങൾ

സന്തോഷമായിട്ടിരുന്നാൽ മതി. സാർ ഒന്ന് കുമ്പസാരിച്ചാൽ അമ്മ സ്വീകരിക്കും.”



അങ്ങനെ കുമ്പസാരം കഴിഞ്ഞ് അമ്മ അവനെസ്വീകരിച്ചു.അങ്ങനെ അമേരിക്കയിലെ ജോലി നിർത്തി അവരുടെ കുടുംബം നാട്ടിൽ വന്ന് സന്തോഷത്തോടെ ജീവിച്ചു.

ലിയ ഷാജി
9 A



## കവിത

# ഒരു നോക്കുകാണാൻ



ഇടറുമെൻ വാക്കുകൾക്കിടയിലായ് ഞാനെന്റെ
നൊമ്പരപ്പൂവുകൾ കാത്തുവെച്ചു.
ഇലകൊഴിഞ്ഞുള്ളൊരാ വാകതൻ ചോട്ടിലായ്
ഏകാന്തനായൊരാത്മാവിരുന്നു.

ഇനിയുമാകാലൊച്ച കേൾക്കാൻ
എന്റെ മനസ്സിന്റെ ആഴത്തിമിർപ്പിലാടാൻ
ജനിയത്രി നീയെൻ മനസ്സിലെ മായാത്ത
മുറിവിലെ തന്ത്രികൾ മെല്ലെ മീട്ടി.

ഇനിയുമിന്നൊരു നോക്കു കാണാൻ
എൻെറ കൺപീലി മെല്ലെ തുറന്നുകാണാൻ
അരുമയായ് ഞാനാശിച്ചിരുന്നുവെങ്കിലും
എൻ മേനി കാണാൻ കൊതിച്ചില്ലേ നീ.

പൂമുഖപന്തലിൽ നിന്നു  നിന്റെ
വാത്സല്യ ദുഗ് ദം നുകർന്നീടുവാൻ
ആറ്റുനൊറ്റൊരുദിനം മെല്ലെ നീങ്ങവേ
വിസമ്മതിച്ചെന്നെ വിലക്കിയല്ലോ......
ഈ കുഞ്ഞുജന്മം നീ വിലക്കിയില്ലേ.....

അശ്വനി ഗോപാൽ
10 A

## ലേഖനം

# ചിത്രകലയും കുട്ടികളും



മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന സൗന്ദര്യ ബോധത്തിൻെറ ബഹിർസ്ഫുരണമാണ്ചിത്രകല. ഭാരതീയസിദ്ധാന്തപ്രകാരം കലകൾ അറുപത്തിനാലാണ്. അതിൽ ഒട്ടും കുറവില്ലാത്ത സ്ഥാനമുള്ള ചിത്രകല ആബാലവൃദ്ധം ജനങ്ങളും ഒരുപോലെ ആസ്വദിക്കുകയും ചെയ്യുന്നു.

പ്രാകൃതരായിരുന്ന നമ്മുടെ പ്രപിതാമഹാന്മാർ മുഖ്യ തൊഴിലായ നായാട്ടുകഴിഞ്ഞ് ഗുഹാഭിത്തികളിൽ കല്ലുകളും എല്ലുകളും ഉപയോഗിച്ച് മൃഗങ്ങളുടെയും മറ്റും ചിത്രങ്ങൾ ഭാവനയ്ക്കനുരൂപമായി കോറിയിട്ടു.



ചിത്രകലയുടെ ആവിർഭാവം ഈ വിധം ആയിരിക്കുമെന്നാണ് നിഗമനം. കലാകാരൻെറ നയനങ്ങളെ അനുഗമിച്ചുകൊണ്ട് പ്രതലത്തിൽ കൈ പ്രയോഗിക്കുന്ന അംഗവിക്ഷേപമാണ് രേഖാരൂപങ്ങൾ സൃഷ്ടിക്കുന്നത്.ഇത്തരം രേഖകളെ ചിത്രരചനയുടെ വ്യാകരണമായി വിശേഷിപ്പിക്കുന്നു. കരവിരുതിൻെറ സമർത്ഥമായ പ്രകടനമാണ് ചിത്രകലയെന്ന് ചിലരും ദൈവചൈതന്യത്തിൻെറ പ്രതിഫലനമാണിതെന്ന് വേറെ ചിലരും പറയുന്നു. സൗന്ദര്യ ബോധത്തിനൊ ത്തു വസ്തുക്കളെ രൂപാന്തരപ്പെടുത്തുന്നതാണ് ചിത്രകല എന്നൊരു വാദവുമുണ്ട്.

കുട്ടികൾക്കും ആത്മപ്രകാശനത്തിനുള്ള കഴിവുണ്ട്. ശിശുവിന്റെ കരച്ചിലും ആംഗ്യങ്ങളും ആശയവിനിമയത്തിനുള്ള ഉപാധിയാണ്.അറിവിനെയും വ്യക്തിത്വത്തേയും കഴിവിനെയും പ്രകടിപ്പിക്കുന്നവയാണ് കുട്ടികളുടെ ചിത്രങ്ങൾ. ഇത്തരം ചിത്രങ്ങളുടെ പ്രത്യേകത അതിരുവിട്ടോടുന്ന ഭാവനാവിലാസവും സംശയം കൂടാതെയുള്ളആവിഷ്കാരവുമാണ്; ആത്മാർത്ഥയുടെയും ലാളിത്യത്തിന്റെയും പ്രകടനവുമാണ്.

കുട്ടികളുടെ ചിത്രകലയിൽ അറിവിന്റെ പരിമിതി സ്പഷ്ടമാകുമ്പോൾ തത്വചിന്തയുടെ ബീജാങ്കുരങ്ങളും കാണാം.ആധുനികചിത്രകലയിൽ അറിഞ്ഞവന്റെ ലാളിത്യപ്രകടനമാണ് പ്രധാനം. യഥാർത്ഥമായ പകർത്തലിൽ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് നോക്കി ചിത്രങ്ങളെയും ശിൽപങ്ങളെയും മൂല്യനിർണ്ണയം നടത്തുന്നത് കുട്ടികളുടെ ചിത്രകലയെ സംബന്ധിച്ചിടത്തോളമെങ്കിലുംതെറ്റാണ്.

കുട്ടികളുടെ ചിത്രങ്ങൾ സ്വാഭാവികമായ ഒരാവശ്യത്തിന്റെ പ്രകടനമാകയാൽ ഒരു ദൃശ്യം അവരിലുണ്ടാക്കിയ വൈകാരികതയുടെ ഏറ്റക്കുറച്ചിലനുസരിച്ച് സൃഷ്ടികളും വ്യത്യസ്തമാകാം. അവന്റെ ഭാഷ പോലെ തന്നെ കലയും അപൂർണ്ണവും അവ്യക്തവും സത്യവിരുദ്ധം പോലും ആയിരിക്കും.

മനുഷ്യനിർമ്മിതമായ വസ്തുക്കൾക്കെല്ലാം ഉദ്ദേശ്യവും ആവശ്യവുമനുസരിച്ച് ആകർഷകമായ രൂപങ്ങൾ നൽകുന്നത് കലാകാരനാണ്. പുതുമകൊണ്ട് ധന്യമായിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തെ കൂടുതൽ ആസ്വാദ്യമാക്കാൻ ഏറെ കലാകാരന്മാരെ പരിശീലിപ്പിച്ചെടുക്കണം. അതിനാൽ വിദ്യാഭ്യാസത്തിൽ കലാപഠനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.
വാസനാബലമുള്ളവർക്കേ ചിത്രകാരനാകാൻ പറ്റൂ എന്നും എല്ലാവർക്കും അതില്ലാത്തസ്ഥിതിക്ക് സ്കൂളിൽ ചിത്രകല നിർബന്ധിത വിഷയ മാക്കിക്കൂടെന്നും വാദമുണ്ട്. ഈ ധാരണ ശരിയല്ല.





മറ്റു വിഷയങ്ങളെ അപേക്ഷിച്ച് ജീവിതത്തോട് ചിത്രകലയ്ക്ക് കൂടുതൽ ബന്ധമുണ്ട്.ഭാഷ ,ശാസ്ത്രം, കണക്ക് എന്നിവ കൊണ്ട് ബുദ്ധിശക്തിയെ പരിശീലിപ്പിക്കും പോലെ തന്നെ പ്രധാനമാണ് ചിത്ര കലാവിദ്യാഭ്യാസമെന്ന് വിദഗ്ധർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.കുട്ടികളെ അവരവരുടെ ഭാവനക്കനുസരിച്ച് ചിത്രരചനയ്ക്ക് അനുവദിക്കേണ്ടതാണ്.

അഭി രുചിയുള്ളവർക്ക് വിദഗ്ധപരിശീലനം നൽകുകയാണ് കലാവിദ്യാലയങ്ങളുടെ ലക്ഷ്യം.കല രൂപമെടുക്കുന്നത് നൈസർഗ്ഗികമായ വാസനമൂലമാണ്. ചിത്രരചനാക്ലാസിൽ മാതൃക വെച്ച് വരയ്ക്കുന്നതും സ്വന്തം ഭാവനക്കൊത്ത വർണ്ണചിത്രരചനയും പഠനസമ്പ്രദായമായി സ്വീകരിച്ചുവരുന്നു.

സ്കൂളുകളിൽ ചിത്രകല പഠിപ്പിക്കുന്നത് എല്ലാവരേയും കലാകാരന്മാരാക്കാനല്ല ,അതിനൊട്ട് സാധ്യമല്ലതാനും. വിദ്യാഭ്യാസ കാലത്ത് കലാവാസനയുള്ളവർക്ക് അത് വികസിപ്പിക്കാനുള്ള അവസരവും ആത്മധൈര്യവും നൽകുകയും മറ്റുള്ള വർക്ക് നല്ലതും ചീത്തയും വേർതിരിച്ചറിയാൻ വേണ്ട പ്രാഥമിക ജ്ഞാനമുണ്ടാക്കുകയുമാണ് ചെയ്യേണ്ടത്. മനസ്സിൽ പതിയുന്നതെന്തും ഇഷ്ടമുള്ള രീതിയിൽ വരയ്ക്കാൻ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ഭയം കൂടാതെ വരകളും വർണ്ണങ്ങളും പ്രയോഗിച്ച് ആത്മപ്രകാശനം നടത്താൻ ചിത്രകലയ്ക്ക് കഴിയും. ഇതിനായി സഹായിയും പ്രോൽസാഹകനുമായി അധ്യാപകൻ വർത്തിക്കുന്നു.

സ്വഭാവരൂപവൽക്കരണം, ബുദ്ധിപരവും വിദ്യാഭ്യാസപരവുമായ വളർച്ച, സൗന്ദര്യ ബോധങ്ങളുടെ വികാസം, സാമൂഹികവും ആദർശപരവുമായ ഉയർച്ച തുടങ്ങിയവയാണ് ചിത്ര കലാപഠനത്തിന്റെ ഉദ്ദേശ്യങ്ങൾ.

ഷിജി കെ. ജെ.
ചിത്ര കലാദ്ധ്യാപകൻ



# Poem



## Smile

*A smile gives a happy person*
*A smile gives a happy society0*
*A smile gives a happy world*
*Smile, smile, smile . . .*
*Give a smile to a sad  person*
*Then he will be happy*
*Give a smile to all*
*Then they become happy*
*Smile is a blessing of god*
*Smile everyday with the world*
*Smile, smile, smile ....*

*K.M. Sooryagayathri*
8 A



# उपन्यास




आज के दुनिया में कंप्यूटर का उपयोग एक अभाग वस्तुता है। सारी जगह हम कंप्यूटर के इस्तमाल करते है। स्कूल , आस्पताल और ऑफीस में कंप्यूटर का उपयोग देख सकते है । सच्च कहूँ तो आज की दुनिया में और युग में वह हमारा जिन्दगी का भाग बन गया है ।


कंप्यूटर  इंटरनेट की उपयोग आज बच्चों की बीच बढती जा रही है । कंप्यूटर का केवल गुण ही नहि बल्कि बहुत दोष भी होता है । इस गुण और दोष को पहचान कर इसकी इस्तमाल बहुत ध्यान से करना चाहिए । नहीं तो हम न जाने क्या-क्या मुसीबत में आ सकती है । कंप्यूटर का उपयोग हम अच्छी तरीके से और बुरी तरीके से कर सकते है । लेकिन हम सभी को इसे हमारा भलाई केलिए उपयोग करना चाहिए ।

aa



## कंप्यूटर का गुण

कंप्यूटर का उपयोग से हम हमारे प्यार करने वालों से मिल सकते है , चाहे वो कितना दूर हो । कंप्यूटर का उपयोग हमारा पढना बहुत आसानी  बना देती है । दुनिया में क्या- क्या हो रहा है । उन सबकी विवरण सिर्फ कुछ समय से   हमारा पास मिल जाता है ।इस तरह इसका गुण बहुत है ।




## कंप्यूटर का दोष

बहुत देर तक कंप्यूटर में काम करना हमारा शरीर का ऊर्जे कम करते है ।हमारे आँखों के लिए खतरनाक हो सकती है । इसका उपयोग से नींद की कम्मी ,  पढने में दिखत्त आदि होती है ।




## उपसंहार

आज की युग में कंप्यूटर का उपयोग बहुत ज़रूरि है । लेकिन उसे उपयोग करने में हम होशियार रहने चाहिए । कंप्यूटर की मायावलय में अगर हम फस गई तो हम कभी भी बाहर नही आ सकते । इसलिए कंप्यूटर के गुण और दोष उसे अच्छाई के लिए उपयोग करने के लिए कोशिश करें ।

Naomi M. Rose
10 A

## കവിത



# മഴ തൻ ദുഃഖം

മഴയെ നീ പെയ്യുമ്പോൾ
എൻ മനസ്സിൽ ശ്രീയായ്
എൻ ചത്വരത്തിന്
ഒരു കുളിരായ്
നീ നിലയ്ക്കാതങ്ങനെ പെയ്യുന്നു....

നാട്ടിൽ പഞ്ഞം വിതറും
കള്ളനാം കർക്കടകത്തിൽ
ആണ്ടറുതിയിൽ
ദുഃഖ പ്രകടനമായി നീ
കണ്ണുനീർ പൊഴിക്കുമ്പോൾ

ഓണക്കാലത്തെ പുത്തനുടുപ്പിനായ്
വരവേൽക്കുന്നു ഞങ്ങൾ
പൊൻ ചിങ്ങത്തെ....

മുണ്ടകൻ പാടത്ത്
കതിരുയരുമ്പോൾ
ശൈത്യകാലത്തിൽ
വരവറിയിച്ച് രചനിയുടെ
അന്ത്യത്തിൽ അർക്കനെ
പോലുയരുന്ന ചിങ്ങമാസം
വീണ്ടുമൊരു മഴക്കാലത്തെ
വരവേൽക്കാനായ്
നിന്നെ പോലൊരു ദുഃഖ
പുത്രിയായ് ഞാനും കാത്തിരിക്കുന്നു....

----------

ഐശ്വര്യ വിജയൻ
9 B

## കഥ

# വേർപാട്

ഇത് ജോണിയുടെ കഥയാണ്. ഒരിക്കലും ഒരമ്മയെ മകൻ ഇത്രയും സ്നേഹിച്ചുകാണില്ല; അമ്മയും. ഇത്ര ദൃഢമായ സ്നേഹത്തിനിടയിലും



ഒരമ്മയുടെ വേർപാട് മനസ്സിലുണ്ടാക്കിയ ആഘാതമാണ് ഈ കഥ.ജോണി ഒരു യാഥാസ്ഥിതിക ക്രിസ്ത്യാനി കുടുംബത്തിൽ ജനിച്ചു.അമ്മ ത്രേസ്യ. ജീവിതത്തിലെ ഓരോ വീഴ്ചകളെയും ധൈര്യ പൂർവ്വം നേരിട്ട്

,ഉയർച്ചകൾ മാത്രം സ്വന്തമാക്കിയവൾ. ജോണിയുടെ ഉറ്റ സുഹൃത്താണ് ക്ലീറ്റസ്. ഒരു പാവം പൊങ്ങച്ചക്കാരൻ. അമ്മ മേരി. അൽപം പൊങ്ങച്ചക്കാരി. "വിത്തുഗുണം പത്ത് "എന്നാണല്ലോ? ജോണിയും ക്ലീറ്റസും ഒരു ബെഞ്ചിൽ അടുത്തടുത്ത് ഇരുന്ന് പഠിക്കുന്നവർ. പക്ഷേ, ജോണി എപ്പോഴും ഫസ്റ്റ്.ഉറ്റ ചങ്ങാതിമാരായിട്ടും ആ വിജയം കാണാൻമാത്രം ക്ലീറ്റസ് ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും അതവൻ പ്രകടിപ്പിച്ചില്ല. കൂട്ടുകാരൻെറ വിജയത്തിൽ പങ്കുചേർന്നു. അച്ഛൻെറ മരണശേഷം തന്നെ കഷ്ടപ്പെട്ടാണ് അമ്മ വളർത്തിയതെന്ന് ജോണിക്കറിയാം. അതുകൊണ്ട് തന്നെ അവൻ ജീവിതത്തിൽ ഒരിടത്തും തോറ്റുകൊടുത്തില്ല. അമ്മ അവന് എന്നും പ്രാർത്ഥനയും നല്ല നല്ല കഥകളും പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. അമ്മയുടെ സ്നേഹം അവന് ജീവിതത്തിൽ ഒരു പ്രചോദനം തന്നെയായിരുന്നു.



ഒരിക്കൽ അമ്മയ്ക്ക് വിട്ടുമാറാത്ത പനിയും ചുമയും വന്നു. അവനത് സഹിക്കാൻ കഴിഞ്ഞില്ല. അവൻ അമ്മയെയും കൊണ്ട് ആശുപത്രിയിലെത്തി. പക്ഷേ, അമ്മയ്ക്ക് ആശുപത്രിയിൽ പോകാൻ സമ്മതമായിരുന്നില്ല. കാരണം ഇന്ന് ജോണിയുടെ സ്കൂളിൽ ഉപന്യാസരചനാ മത്സരമാണ്. അവന് സ്കൂളിലെത്താൻ സമയം പോകുമോ എന്ന പേടിയാണ് അമ്മയ്ക്ക്. തൻ്റെ മകൻ എല്ലാ മേഖലയിലും മുമ്പിലായിരിക്കണമെന്ന് അമ്മ ആഗ്രഹിച്ചു. അമ്മയെ ആശുപത്രിയിൽ ആക്കിയ

ശേഷം അമ്മയുടെ നിർബന്ധത്താൽ അവൻ സ്കൂളിലെത്തി. പക്ഷേ,അമ്മയ്ക്ക് പനിയും ചുമയും കലശലായി. എന്നാലും മകനെ അറിയിക്കാൻ അമ്മ ശ്രമിച്ചില്ല.



ഇത്തവണ ജോണിയെ തോൽപ്പിക്കണമെന്ന ആഗ്രഹവുമായാണ് ക്ലീറ്റസ് സ്കൂളിലെത്തിയത്. മത്സരം തുടങ്ങി."ആധുനിക സംസ്കാരവും ജീവിതരീതികളും"എന്നതായിരുന്നു വിഷയം.

മത്സരം കഴിഞ്ഞു. ക്ലീറ്റസ് റിസൽട്ടിനായി കാത്തുനിന്നു. താൻ ഒന്നാം സ്ഥാനവും വാങ്ങി ജോണിയുടെ മുന്നിലൂടെ ഞെളിഞ്ഞു നടക്കുന്നതും കണ്ട് ക്ലീറ്റസ് അവിടങ്ങനെ നിന്നു.എന്നാൽ ജോണിയുടെ ചിന്ത അമ്മയെ ക്കുറിച്ചായിരുന്നു. അവൻ റിസൽട്ടിനായി കാത്തുനിൽക്കാതെ ആശുപത്രിയിലേയ്ക്കോടി. പക്ഷെ,അവിടെ അവന് അമ്മയെ കാണാൻ കഴിഞ്ഞില്ല. ഓടിക്കിതച്ച് വീട്ടിലെത്തിയപ്പോൾ അതാ അവിടെ വലിയൊരു ആൾക്കൂട്ടം. അവരുടെ ദയനീയമായ നോട്ടം അവനെ അലോസരം കൊള്ളിച്ചു. വീടിന്റെ പടികൾ വേച്ച് വേച്ച് കയറി ഉമ്മറത്തെത്തിയപ്പോൾ അവൻ കണ്ടത് വെള്ളപുതപ്പിച്ച് മാലാഖയെപ്പോലെ കിടക്കുന്ന അമ്മയെയാണ്. ഒരുനിമിഷം അവൻ നിശ്ചലനായി. തന്നിൽനിന്നെന്തെല്ലാമോ കൊഴിഞ്ഞു പോയതുപ്പോലെ അവനുതോന്നി. ഒന്ന് പൊട്ടിക്കരയാൻ വാക്കുകൾ കിട്ടാതെ അവൻ

കുഴങ്ങി. കണ്ണിലാകെ ഇരുട്ട് പടരുന്നതായി അവന് തോന്നി. തന്റെ ജീവിതത്തിൽ താൻ ഇനി തനിച്ചാണോ എന്ന ചിന്ത അവനെ വേട്ടയാടാൻ തുടങ്ങി. അവിടെ കണ്ട കസേരയിൽ അവൻ ഇരുന്നു.



ആത്മാവ് പോയ ശരീരം പോലെ. അവിടെ അവനെ ആശ്വസിപ്പിക്കാനായി ക്ലീറ്റസിന്റെ അമ്മ

മേരി ഉണ്ടായിരുന്നു. പൊങ്ങച്ചക്കാരി യാണെങ്കിലും സ്നേഹിക്കാനുള്ള നല്ല മനസ്സ് ആ അമ്മയ്ക്ക് ഉണ്ടായിരുന്നു. വൈകുന്നേരം അമ്മയുടെ ചേദനയറ്റ ശരീരവുമായി സെമിത്തേരിയിലെത്തി. പ്രാർത്ഥനക്കുശേഷം അമ്മയെ നിറകണ്ണുകളോടെ ഒരു നോക്കു കണ്ടശേഷം അവൻ മേരിയുടെ മാറിൽ ചാഞ്ഞുകിടന്ന് കരഞ്ഞു.

സോണിയ ബിജു
10 B



## ലേഖനം

# ആഹാരം തന്നെ ഔഷധം

സമ്പന്നതയിലും സമൃദ്ധിയിലും പരിഷ്കാരത്തിലും മുന്നേറിക്കൊണ്ടിരിക്കുന്ന മലയാളികളുടെ സംസ്കാരത്തിനും ജീവിത ശൈലിയിലും വളരെയധികം മാറ്റങ്ങൾ ഈ അടുത്ത കാലത്ത് സംഭവിച്ചിട്ടുണ്ട്.



സുഖഭോഗങ്ങൾ നിറഞ്ഞ ആഡംബര ജീവിതമാണ് പലരും ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും . അതിനായിട്ടാണ് നാം തിരക്കു കൂട്ടുന്നതും ടെൻഷനടിക്കുന്നതും.

പഴയ അദ്ധ്വാന ശീലവും ആഹാരക്രമവും എല്ലാം മറന്ന് മലയാളികളുടെ ഭക്ഷണശീലങ്ങളിലും രീതികളിലും ഒട്ടുവളരെ കോട്ടങ്ങളും മാറ്റങ്ങളും ഉണ്ടായി. പരമ്പരാഗതമായി നമ്മൾ ഉപയോഗിച്ച് വന്നിരുന്ന കഞ്ഞിയും പയറും ചേനയും ചേമ്പുമെല്ലാം ഇന്ന് മലയാളികളുടെ ഊണു മേശകളിൽ ഇല്ല. ചുറ്റും തട്ടുകടകളും തട്ടുകടസംസ്കാരവും വളർന്നു വരുന്നു.



ചൈനീസ് റസ്റ്റോറന്റുകളും ബാർ ഹോട്ടലുകളും ചെറുപട്ടണങ്ങളിൽ പോലും ഉയർന്നു വന്നു. കരിക്കിൻ നീരും കരിമ്പിൻ നീരും നാരങ്ങാ വെള്ളവും മറ്റും

കോക്കക്കോളയും പെപ്സികളും വഴിമാറി. ഒരു ജങ്ക് ഫുഡ് സംസ്കാരം നമ്മുടെ ഇടയിൽ വളർന്നുവന്നു.

ഈ മാറ്റങ്ങൾ നമുക്ക് സമ്മാനിച്ചത് നിരവധി രോഗങ്ങളാണ് .അമിത വണ്ണവും, ഷുഗറും, കൊളസ്ട്രോളും പ്രെഷറും എല്ലാം നിത്യേന വർധിക്കുന്നു.

ഭക്ഷണപാനീയങ്ങളിൽ രുചിക്കും ആകർഷണീയതയ്ക്കും മറ്റുമായി ചേർക്കുന്ന കൃത്രിമ നിറക്കൂട്ടുകളുടെയും മറ്റു പദാർത്ഥങ്ങളുടെയും ഉപയോഗം നമ്മുടെ ഹൃദയത്തിന്റെ പ്രവർത്തനത്തെ താളം തെറ്റിക്കുന്നു.

ലോകാരോഗ്യ സംഘടന (WHO) പറയുന്നത് ആരോഗ്യമെന്നത് ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹ്യവുമായ ക്ഷേമ സംവിധാനമാണെന്നാണ്. ഇത് സാധ്യമാകണമെങ്കിൽ നാം മാറി ചിന്തിക്കേണ്ടതുണ്ട് .

നല്ല ജീവിതശൈലികൾ നാം പാലിക്കണം. അതിനായി നമ്മുടെ പ്രവർത്തികളെ നമുക്ക് നിയന്ത്രിക്കാൻ



കഴിയണം. ഉള്ള രോഗങ്ങൾ ഇല്ലാതാക്കാനും പുതിയ രോഗങ്ങൾ വരാതിരിക്കാനും ആഹാരം, വ്യായാമം , ഉറക്കം എന്നിവ നാം ചിട്ടപ്പെടുത്തണം. നിത്യേന വളരുകയും നശിക്കുകയും ചെയ്യുന്ന കോശങ്ങളുടെ പ്രവർത്തനങ്ങൾ ചലനാത്മകമാക്കാൻ അതു കൂടിയേ തീരു.

ഒരു കോശവും നമ്മോടൊപ്പം 120 നാളുകൾക്കപ്പുറം സഞ്ചരിക്കുന്നില്ല. ഭക്ഷണത്തിലെ ജീവകങ്ങളോ ഔഷധ

ഗുണമോ ഗണ്യമായി കുറയുമ്പോൾ മനുഷ്യൻ രോഗങ്ങൾക്ക് അടിമപ്പെടുന്നു, ആയുസ്സു കുറയുന്നു. ഏത് ജീവജാലത്തിൽ നിന്നും പ്രകൃതി പ്രതീക്ഷിക്കുന്നതു പ്രജനനവും കർമ്മവുമാണെന്ന് അറിയുക. വരും തലമുറയ്ക്കു ജന്മം നല്കുന്നതോടൊപ്പം പല കർമ്മങ്ങളും നമുക്ക് ചെയ്തു തീർക്കേണ്ടതുണ്ട്. പ്രസന്നമായ ബുദ്ധി കൊണ്ടും മനസ്സു കൊണ്ടും നമ്മുടെ ജോലികൾ നാം ചെയ്തു തീർക്കുക തന്നെ വേണം .



അതിനാൽ നമുക്ക് ഒരു തിരിച്ചുപോക്ക് ആവശ്യമാണ്, ആഹാര ക്രമത്തിലും ജീവിത ചര്യയിലും ആവശ്യമായ പച്ചക്കറികളും പഴവർഗങ്ങളും നമുക്ക് ഉണ്ടാക്കുവാനും അത് ഉപയോഗിക്കുവാനും പുതിയ തലമുറയെ ശീലിപ്പിക്കുകയും വേണം.

ചുരുക്കിപ്പറഞ്ഞാൽ നല്ല ജീവിത ശൈലി എന്താണെന്ന പറഞ്ഞു കൊടുക്കുവാനും പഠിപ്പിക്കാനും പ്രാവർത്തികമാക്കാനും വേണ്ടി നമ്മുടെ വിദ്യാഭ്യാസ സമൂഹത്തെ,



ആരോഗ്യ മേഖലയെ പരിഷ്കരിച്ചതുകൊണ്ടേ ആരോഗ്യം എല്ലാവർക്കും എന്ന സ്വപ്നം സാക്ഷാത്കരിക്കാനാവൂ.

സോജി ജോസ്
H.S.A. Natural Scie.



# കവിത




ആദ്യാക്ഷര വനിയിൽ
കാലിടറവേ
മാധുര്യമേറിയ വേദന
പകർന്ന ഗുരുവര്യർക്ക്....

ഓർമ്മയിലുരുളുന്ന
കണ്ണിമാങ്ങയ്ക്കായ് പൂവിട്ട
സ്കൂൾ മുറ്റത്തെ
മുത്തശ്ശി മാവിന്....

സ്നേഹം നീട്ടിയ പുഞ്ചിരി
സ്നേഹമെന്നറിയാതെ
ചവിട്ടിയരച്ച
പാവം പ്രണയിനിക്ക്....

ഒരാണ്ടെൻെറ ഭാരം പേറി
കളിപ്പാട്ടമായി
കളിക്കൂട്ടുകാരനാവാൻ
വ്രതമെടുത്ത ബെഞ്ചിന്....

പുസ്തകഭാരം പേറി
യെന്ന ചാരി നടന്ന
എൻ സന്തത സഹചാരി
തോൾ സഞ്ചിക്ക്....

ദുഃഖത്തിൽ ആശ്വാസവും
സന്തോഷത്തിൽ ആശംസയും
പകരാൻ കൂട്ടെത്തിയ
സഹപാഠികൾക്ക്....

തളർച്ചയറിയാതെ ഓടിക്കളിച്ച
അറിവിൻെറ ജാലകം തുറന്ന
യെൻ അറിവിൻ ഗോപുരത്തിനു
വേദനയോടെ ചൊല്ലുന്നു വിട.

-----------

അപർണ ജോൺ
10 A



കഥ

# വിശ്വാസം

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കൂട്ടം ജനങ്ങൾ താമസിച്ചിരുന്നു. അവിടെ ഒരു വിദ്യാലയവും ഉണ്ട്. ആ ഗ്രാമത്തിലെ കുട്ടികൾ പഠിക്കുന്നത് ഈ വിദ്യാലയത്തിലാണ്. അങ്ങനെ ഒരു ദിവസം പതിവുപോലെ കുട്ടികൾ സ്കൂളിൽ പോകും വഴി അവർ ഇതുവരെ കാണാത്ത രണ്ടു പേർ. അവർ ആദ്യം പേടിച്ചെങ്കിലും അതുനോക്കാതെ കടന്നുപോയി.

പലനാൾ അവരെ കണ്ടുവെങ്കിലും ഒരു ദിവസം ഇവരുമായി കുട്ടികൾ സംഭാഷണത്തിൽ ഏർപ്പെട്ടു. പക്ഷെ കുട്ടികൾ അറിഞ്ഞിരുന്നില്ല അവർ തെറ്റിലേക്ക് പോകുന്നകാര്യം. കുട്ടികൾ ഇവരുമായി ചങ്ങാത്തത്തിൽ ഏർപ്പെടുകയും നല്ല ചങ്ങാതിമാരാവുകയും ചെയ്തു. ഇവർ എന്നും പലഹാരങ്ങൾ നൽകുന്നതും അത് വാങ്ങി തിന്നുന്നതും കുട്ടികൾക്ക് ശീലമായി.

അങ്ങനെ ഇരിക്കെ ഈ കുട്ടികളുടെ കൂട്ടത്തിലെ ഒരാൾ അപ്രതീക്ഷിതമായി മരിച്ചു. പക്ഷെ ഇവർക്ക് കാരണം അറിയില്ല. അങ്ങനെ പല ദിവസങ്ങളായി കുട്ടികൾ മരിക്കാൻ തുടങ്ങി. ഇതിലൂടെ വീട്ടുകാർക്ക് സംശയം തോന്നി. കുട്ടികൾ ഇവരോട് പറഞ്ഞിട്ടുള്ള ചങ്ങാതിമാരെ ഒന്നു കാണാൻ തീരുമാനിച്ചു. ഇത് അറിഞ്ഞ ഇരുവരും അവിടെ നിന്ന് സ്ഥലം വിടുകയും ചെയ്തു. ഇതിലൂടെ വീട്ടുകാർക്ക്,തങ്ങളുടെ മക്കളെ ഇവർ കബളിപ്പിച്ചെന്ന് മനസിലായി. വീട്ടിൽ മടങ്ങിയെത്തിയ അവർ തന്റെ കുട്ടികളോട് പറഞ്ഞു ആരെയും ഈ ലോകത്ത് കണ്ണടച്ച് വിശ്വസിക്കരുത്. വിശ്വസിച്ചാൽ ഫലം അംഗീകരിക്കാൻ പറ്റാത്തവിധമാണ്. പിന്നീട് ആ ഗ്രാമത്തിലുള്ളവർ സന്തോഷത്തോടും സമാധാനത്തോടും കൂടി ജീവിക്കാൻ തുടങ്ങി. അവർക്ക് നഷ്ടമായ സന്തോഷം തിരിച്ചു കിട്ടി. എന്നാലും തന്റെ മക്കൾ വിട്ടുപിരിഞ്ഞതിൽ അവർക്ക് ദുഃഖമുണ്ടായിരുന്നു. ആരെയും ഒരിക്കലും കണ്ണടച്ച് വിശ്വസിക്കരുത്, കണ്ണടച്ച് വിശ്വസിക്കുന്നത് ആപത്താണ്. ചിലർ അത് മുതലാക്കും.

അലീന ജോസഫ്
9 A

## കവിത

# അമ്മ മനസ്സ്



എന്റെ അമ്മ എൻ
വീടിനു കെടാവിളക്ക്
അമ്മയുടെ കണ്ണിൽ നിന്ന്
തുള്ളികൾ വീഴുമ്പോൾ
തകർന്നു പോകുന്നത്
എന്റെ ഹൃദയമാണ്.

എൻ ജനനം മുതൽ എൻ അമ്മ
എൻ അരിക്കത്തു തന്നെ നിൽപ്പു
ആ കൈകൾ കൊണ്ട് എന്നെ
തലോടുമ്പോൾ ഞാൻ അറിയാതെ
ലയിച്ചു പോയി.

ആ അമ്മ മനസ്സിനെ ഞാൻ
വേദനിപ്പിച്ചെങ്കിലും
പരിഭവവും, പിണക്കവും
കൂടാതെ പിന്നെയും
പിന്നെയും എനിക്ക്
ആശ്വാസമായ്, തണലായ്
നിൽപ്പൂ.

അമ്മ എന്ന രണ്ടക്ഷരം
ആണ് ഞാൻ ആദ്യമായി
വിളിച്ചതെന്നോർക്കുമ്പോൾ
എൻ മനം നിറഞ്ഞ്
തുളുമ്പുന്നു
അമ്മ എൻ വീടിന്നു കെടാവിളക്ക്.

----------

നോയൽ തോമസ്
10 A

## കഥ

# സ്വർഗത്തിലേക്കൊരു മാലാഖ

കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി എന്ന കൊച്ചു ഗ്രാമം. ആ ഗ്രാമത്തിലെ ഇടത്തരം കുടുംബത്തിലെ കർഷകരായ ജോസഫിനും മേരിക്കും തെരേസ എന്ന ഒരു മകളുണ്ടായിരുന്നു. നാട്ടുകാരുടെയും വീട്ടുകാരുടെയും കണ്ണിലുണ്ണിയായിരുന്നു തെരേസ. തെരേസയ്ക്ക് അച്ഛനും, അമ്മയും അല്ലാതെ മറ്റു ബന്ധുക്കളോ കുടുംബക്കാരോ ഇല്ലായിരുന്നു.നല്ലൊരു കൊച്ചുമിടുക്കിയായി അവൾ വളർന്നു. തെരേസ പഠനത്തിലും, കലാരംഗത്തും, സ്പോർട്സ് രംഗത്തും മികവ് നേടിയ പെൺകുട്ടിയായിരുന്നു. അതുകൊണ്ട് അവളെ എല്ലാവർക്കും വലിയ കാര്യമായിരുന്നു.

തെരേസ നാലാം ക്ലാസ്സിൽ പഠിക്കുന്ന സമയം. ആ വർഷത്തെ ക്രിസ്മസ് അവധിക്ക് അവർ ഒരു യാത്ര പുറപ്പെട്ടു. കൊച്ചിയിലായിരുന്നു ആ യാത്ര. യാത്രാമദ്ധ്യേ അവർ സഞ്ചരിച്ചിരുന്ന കാറിലേക്ക് വേറെ ഒരുവണ്ടി



പാഞ്ഞു കേറി. ആ കുടുംബത്തെ തകിടം മറിച്ച ഒരു അപകടമായിരുന്നു അത്. ആ അപകടത്തിൽ അവൾക്ക് നഷ്ടമായത് അവളുടെ എല്ലാം എല്ലാമായിരുന്ന അച്ഛനേയും അമ്മയേയുമാണ്.

ആരുമില്ലാത്ത ആ നിസ്സഹായ അവസ്ഥയിൽ അവളെ ആ ഇടവകയിലെ മഠത്തിലേക്ക് കന്യാസ്ത്രീമാർ കൊണ്ടു പോയി. അവരോട് അടുക്കാൻ അവൾ അൽപ്പം വൈകിയെങ്കിലും അവളെ അവർ പൊന്നു പോലെ നോക്കി. അവൾ അവിടെ സന്തോഷത്തോടെകഴിഞ്ഞു.

ഇടക്കിടക്ക് അവൾക്ക് തലകറക്കം ഉണ്ടാവുന്നത് പതിവായിരുന്നു. അങ്ങനെ രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു. അവൾ ആറാം ക്ലാസ്സിൽ




പഠിക്കുമ്പോൾ സ്കൂൾ വിട്ട് വന്ന് മഠത്തിന് മുന്നിലിരുന്ന് കളിച്ച് കൊണ്ടിരിക്കുമ്പോൾ ചോര ചർദ്ദിക്കുകയും മൂക്കിലൂടെ ചോര വരുകയും ചെയ്തു. ഫാദറും, സിസ്റ്റർമാരും കൂടി അവളെ ആശുപത്രിയിൽ എത്തിച്ചു. ഡോക്ടർ ആ ദുഃഖവാർത്ത അവളുടെ പ്രിയപ്പെട്ട സിസ്റ്റർ ഇസബെല്ലയോട് പറഞ്ഞു: അവൾക്ക് "Blood Cancer" ആണ്. ഒരുനാൾ തെരേസ അതറിയാനിടയായി. അവൾ കരഞ്ഞുകൊണ്ട് ഓടി അവളുടെ പപ്പയുടെയും അമ്മയുടെയും കല്ലറയ്ക്കല്ലേക്ക് പോയി. എന്നിട്ട് അവൾ അവരോട് പറഞ്ഞു :"പപ്പ , അമ്മ ഞാൻ ഉടനെ തന്നെ നിങ്ങളുടെ അടുത്തേക്ക് വരും". ഇത്രയും പറഞ്ഞതിനുശേഷം അവൾ പൊട്ടിക്കരഞ്ഞു. സിസ്റ്റർ അവളുടെ അടുത്തേക്ക് വന്നു.

അവളോട് പറഞ്ഞു :"ഇല്ല തെരേസ, അങ്ങനെ സംഭവിക്കില്ല". തെരേസ സിസ്റ്ററുടെ മടിയിലേക്ക് ചാഞ്ഞു. എന്നിട്ട് പറഞ്ഞു:"സിസ്റ്റർ എനിക്ക് ഒരു ആഗ്രഹം ഉണ്ട്,ഞാൻ മരിച്ച കഴിഞ്ഞാൽ എൻെറ കണ്ണ് ദാനം ചെയ്യണം". സിസ്റ്റർ ഒന്നും പറഞ്ഞില്ല. പിന്നെയും ഒരു പാട് പ്രാവശ്യം മൂക്കിലൂടെ ചോര വരികയും ,ചോര ചർദ്ദിക്കുകയും ചെയ്തു. അങ്ങനെ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ അസുഖം കൂടുതലായി. അവൾ ആശുപത്രിയിലായി. അവളുടെ ആഗ്രഹങ്ങളും ആശകളും ബാക്കി വച്ച് അവൾ ഈ ലോകത്തിൽ നിന്നും വിട പറഞ്ഞു.



അവളുടെ ശവസംസ്കാരചടങ്ങിനു ശേഷം, പിറ്റേ ദിവസം സിസ്റ്റർ ഇസബെല്ല ഒരു റോസാ പൂവുമായി അവളുടെ കല്ലറക്കൽ എത്തി. പൊട്ടിക്കരഞ്ഞു കൊണ്ട് സിസ്റ്റർ പറഞ്ഞു: തെരേസ എനിക്ക് നിൻെറ ആഗ്രഹം സാധിച്ചുതരാൻ പറ്റില്ല. വേറെ ഒന്നും കൊണ്ടും അല്ല

തെരേസ ഞാൻ അത് സാധിച്ച് തരാത്തത്. **''ക്യാൻസർ ഉള്ള വ്യക്തിയുടെ കണ്ണ് ദാനം ചെയ്യാൻ പാടില്ല''.** സിസ്റ്റർ ഇത്രയും പറഞ്ഞുകൊണ്ട് ആ കല്ലറയുടെ ചുവട്ടിൽ നിന്നും എണീറ്റ് മഠത്തിലേക്ക് നടന്നു.



ആ മാലാഖ കുട്ടി സുരക്ഷിതയാണ്. അവളുടെ അച്ഛൻെറയും അമ്മയുടെയും അടുത്ത് സ്വർഗത്തിൽ.

അനിഷ പി. മോനിച്ചൻ
9 B

# കവിത




മഞ്ഞുരുകി മലയിറങ്ങി
മരതകക്കാടുകൾ
മയിൽപ്പീലി നീർത്തിടും
മലയാളമേ.....എന്റെ
മലയാളമേ.....

കായലോളങ്ങളിൽ
വഞ്ചികളോടീടും
പുഞ്ചവയലുകൾ
കൊഞ്ചിപ്പറഞ്ഞീടും

നുകവും, കലപ്പയും
കോരൻെറ കാളകളും
മണ്ണിൻെറ മാറിൽ
നൃത്തം ചവിട്ടീടും
മലയാളമേ....എൻെറ
മലയാളമേ......

മുത്തശ്ശികഥകളുറങ്ങീടും
കറയറ്റ സ്നേഹബന്ധങ്ങൾ
വളർന്നീടും പാരമ്പര്യസംസ്കാര
മൂട്ടിവളർത്തീടും....
മലയാളമേ....എൻെറ
മലയാളമേ.....

തുഞ്ചൻ പറമ്പിലെ
തത്തകൾ കൊഞ്ചീടും
താളിയോലകളിലെ
ഗ്രന്ഥങ്ങൾ പറഞ്ഞിടും
കളരിപ്പയറ്റിൻെറ
കാഹളം മുഴങ്ങീടും

മലയാളമേ.... എന്റെ

മലയാളമേ......

കഥകളി പദങ്ങളാടീടും
തിരുവാതിരമുറ്റത്ത്
കൈകൊട്ടിപ്പാടീടും
മവേലി വന്നതിൽ
പൂക്കളം തീർത്തിടും

മലയാളമേ....എന്റെ

മലയാളമേ.....

നാട്ടുവഴികളും
നടവരമ്പുകളും
മുക്കറ്റിപൂക്കളും

തുമ്പയും, തുളസിയും
കുടമുല്ലയും പൂത്ത
തുമ്പി തുള്ളിപ്പാട്ടും

മലയാളമേ....എന്റെ

മലയാളമേ.....

ജോബി ജോസഫ്
10 C






# നന്ദി...

ഏറെനാൾ നീണ്ട ഒരു കൂട്ടായ പ്രവർത്തനത്തിന്റെ ഫലം ഇവിടെ കാണുകയാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികളുടെ ശ്രമഫലമായി ഇതാ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറായിരിക്കുന്നു. ഇതിനായി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും, താളുകൾ തയ്യാറാക്കിയ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

ഞങ്ങൾക്ക് വിലപ്പെട്ട ഉപദേശങ്ങൾ നൽകിയ പ്രിയപ്പെട്ട ഹെഡ്മാസ്റ്റർ സജി സാറിനും ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്മാരായ റീജ ടീച്ചർക്കും ജയ ടീച്ചർക്കും, സ്കൂൾ ഐ.ടി. കോഡിനേറ്റർ വിൻസന്റ് സാറിനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം

നെല്ലിപ്പൊയിൽ

19 ജനുവരി 2019

**എഡിറ്റർ**